# ബാങ്കുകളിലെ ക്രെഡിറ്റ് കാർഡ് ബിസിനസ്സ്

## എഫ് എസ് സി, ബി സി 120/24-01-011/2000-01

**മെയ് 12, 2001**

എല്ലാ ഷെഡ്യൂൾഡ് വ്യവസായബാങ്കുകൾക്കും
(ആർ ആർ ബി കളൊഴികെ)

സർ,

**ബാങ്കുകളിലെ ക്രെഡിറ്റ്കാർഡ് ബിസ്സിനസ്സ്**

ഏതാനും ബാങ്കുകളിലെ ക്രെഡിറ്റ്കാർഡ് ബിസിനസ്സിന്റെ വിവിധ വശങ്ങളും, ക്രെഡിറ്റ്കാർഡ് നൽകുന്നതും, കുടിശ്ശിക പിരിക്കുന്നതുമെല്ലാം സംബന്ധിച്ചുള്ള ഒരു പ്രത്യേക പഠനം ഞങ്ങൾ ഏറ്റെടുക്കുകയുണ്ടായി. പഠന റിപ്പോർട്ട് ബാങ്കുകളുടെ നിർദ്ദേശങ്ങൾക്കും അഭിപ്രായത്തിനുമായി നൽകുകയുണ്ടായി. റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ബാങ്കുകളുടെ പ്രതികരണത്തിൽ നിന്ന് ബാങ്കുകൾ താഴെ പറയുന്ന കൂടുതൽ സുരക്ഷാകാര്യങ്ങൾ സ്വീകരിക്കുന്നത് ക്രെഡിറ്റ്കാർഡ് സംബന്ധമായ ഏർപ്പാട് കൂടുതൽ കുറ്റമറ്റതും ലാഭകരവും, ബുദ്ധിപൂർവ്വകവും ആയിരിക്കുമെന്ന് തീരുമാനിച്ചിരുന്നു.

(i) **<u>അധികപ്പറ്റ് ഈടാക്കൽ</u>**

ക്രെഡിറ്റ്കാർഡ് വഴിയുള്ള കടം ഒരു സുരക്ഷിതമായ കണക്കിൽ വരവുവരുന്ന രീതിയല്ല. ക്രെഡിറ്റ്കാർഡ് വഴിയുള്ള കുടിശ്ശികകൾ തിരിച്ചടയ്ക്കുന്നത് പ്രാഥമികമായി കാർഡുടമകളുടെ തിരിച്ചടയ്ക്കാനുള്ള കഴിവിനെ ആശ്രയിച്ചിരിക്കും. വമ്പിച്ച ക്രെഡിറ്റ്കാർഡ് ബിസിനസ്സ് മൂലം ഇടപാടുകാർക്ക് ഒന്നിലധികം ബാങ്കുകളിൽ നിന്ന് ക്രെഡിറ്റ്കാർഡ് കിട്ടുന്നതിനുള്ള സൗകര്യം ലഭിക്കുകയും അവർ മാസാമാസം ഏറ്റവും കുറഞ്ഞ ഒരു കുടിശ്ശികയിലേക്ക് അടയ്ക്കുകയും ചെയ്യുന്നു. അതിന്റെ ഫലമായി ക്രെഡിറ്റ്കാർഡുടമകൾ കുടിശ്ശികകൾ പൂർണ്ണമായി അടയ്ക്കാതെ സമയം വീണ്ടും നീട്ടിക്കൊണ്ട് പോകുന്നു. ക്രെഡിറ്റ്കാർഡ് ബിസിനസ്സ് നടത്തുന്നതിലുള്ള അപകട സാധ്യതയെക്കുറിച്ച് ബാങ്കുകൾക്കറിവുള്ളതാണല്ലോ. അയഞ്ഞ എഴുതിത്തള്ളൽ നിലവാരവും, ദോഷകരമായ നടപടികളും, അപര്യാപ്തമായ ക്രെഡിറ്റ് കൈകാര്യവും അപകട സാധ്യതയും കുടിശ്ശികയും വർദ്ധിപ്പിക്കുകയും, തത്ഫലമായി ബാങ്കുകളുടെ ക്രെഡിറ്റ്കാർഡ് സമ്പ്രദായം പ്രവർത്തനക്ഷമമല്ലാതാകുകയും ചെയ്യും. അതുകൊണ്ട് ബാങ്കുകൾ അടിയന്തിരമായി ചെയ്യേണ്ടത് ഈ ഇടപാടിലുള്ള കുടിശ്ശിക അടയ്ക്കുന്നതിലുള്ള വീഴ്ച ഒഴിവാക്കാനുള്ള നടപടികൾ സ്വീകരിച്ച് ക്രെഡിറ്റ്കാർഡ് കുടിശ്ശിക ഈടാക്കാൻ ശ്രമിക്കുക എന്നതാണ്.

പ്രത്യേക നടപടിക്രമങ്ങൾ ഇതിനായ് ആവിഷ്കരിക്കുകയും അതിന് ബാങ്ക് ഡയറക്ടർമാരുടെ അംഗീകാരം നേടുകയും ചെയ്യണം.

ക്രെഡിറ്റ്കാർഡ് കുടിശ്ശിക ഈടാക്കാൻ ഏജന്റുമാരെ ഏർപ്പെടുത്തുമ്പോൾ ഇൻഡ്യൻ ബാങ്ക് അസോസിയേഷൻ ചിട്ടപ്പെടുത്തിയിട്ടുള്ള തത്വസംഹിത പാലിക്കണമെന്ന് ഓർമ്മിക്കുക.

## II. ക്രെഡിറ്റ്കാർഡ് ഉടമകളെപ്പറ്റിയുള്ള വിവരങ്ങൾ പങ്ക് വയ്ക്കുക

ക്രെഡിറ്റ് റിസ്ക് കുറയുന്നതിനും പര്യാപ്തമായ തീരുമാനങ്ങളെടുത്ത് വായ്പാ തീരുമാനങ്ങൾ മെച്ചമേറിയതാക്കാനും, നടപടിയില്ലാത്ത കടത്തിന്റെ വ്യാപ്തി കുറയ്ക്കാനുമുള്ള സമ്പ്രദായം ആവിഷ്കരിക്കുന്നതിനായി ക്രെഡിറ്റ് ഇൻഫർമേഷൻ ബ്യൂറോകൾ രൂപീകരിച്ചിട്ടുണ്ട്. അതുകൊണ്ട് ബാങ്കുകൾ ഒന്നോ അതിലധികമോ ക്രെഡിറ്റ് ഇൻഫർമഷൻ ബ്യൂറോകളിൽ അംഗമാകുകയും ക്രെഡിറ്റ്കാർഡ് ബിസിനസ്സിൽ ഇടപാടുകാരെ തിരഞ്ഞെടുക്കാനുള്ള സൗകര്യം ഉപയോഗപ്പെടുത്തുകയും വേണമെന്ന് നിർദ്ദേശിക്കുന്നു. കൂടാതെ ഈ ഇടപാടിൽ വീഴ്ച വരുത്തുന്നവർക്കെതിരെയുള്ള ഫയൽ സമ്പ്രദായത്തിന്റെ ഗുണഭോക്താക്കളാവാനും ബാങ്കുകളെ ക്ഷണിക്കുന്നു.

## III. വഞ്ചന നിയന്ത്രണം

സാധാരണ രീതിയിൽ ക്രെഡിറ്റ്കാർഡ് ഉപയോഗിച്ചുള്ള വഞ്ചനാരീതിയിൽ താഴെപറയുന്നവ ഉൾപ്പെടും

- അപേക്ഷ നൽകുമ്പോഴുള്ള വഞ്ചന
- നഷ്ടപ്പെട്ടതും മോഷ്ടിച്ചതുമായ കാർഡുകൾ, ശരിയായ അപേക്ഷകനല്ലാത്ത ആൾ ദുരുപയോഗം ചെയ്യുമ്പോൾ.
- വ്യാജമായി ഉണ്ടാക്കിയതും തിരുത്തിയതുമായ കാർഡുകൾ
- കാർഡുടമകളുമായി സഹകരിച്ച് വ്യാപാരികൾ പ്രവർത്തിക്കുന്നത്

ബാങ്കുകൾ ഒരു ആഭ്യന്തര നിയന്ത്രണ സമ്പ്രദായം ഏർപ്പെടുത്തി മുകൾ പറഞ്ഞ രീതിയിലോ മറ്റ് മാർഗ്ഗങ്ങളിലോ വഞ്ചന നടത്തുന്നതിനെ നേരിടണം. വഞ്ചന തടയുന്നതിനുള്ള നിയമങ്ങളുപയോഗിക്കുകയും മുൻകൂട്ടിയുള്ള കരുതൽ നടപടികളും നിയന്ത്രണ സംവിധാനങ്ങളും സ്വീകരിക്കുകയും ചെയ്യുന്ന കമ്മിറ്റിയും സന്നദ്ധസേനയും

നിലവിലുണ്ട്. അത്തരം വഞ്ചന നിയന്ത്രണ കമ്മിറ്റികളിലും സന്നദ്ധസനയിലും ചേർന്ന് പ്രവർത്തിക്കണമെന്ന് ബാങ്കുകളെ അറിയിക്കുന്നു.

## IV. തരം തിരിക്കൽ

അത് കാർഡുകളുടെ മാനേജ്മെന്റ്, അക്കൗണ്ട് ലഭിക്കൽ, ബില്ലുകൾ ശരിപ്പെടുത്തൽ, ഇടപാടുകൾ തീർക്കൽ മുതലായ കാര്യക്ഷമമായ ബാങ്ക് കാര്യങ്ങൾക്കുള്ള ഓഫീസ് രീതിയും പ്രോസസിംഗ് സമ്പ്രദായത്തിനും ബാങ്കുകൾക്ക് അനുയോജ്യമായ ഒരു സംസ്കരണ പരിഹാരം ആവശ്യാണ്. നല്ല നിയന്ത്രണ പ്രവർത്തനങ്ങൾ ഉറപ്പാക്കുന്നതിനായി ബാങ്കുകൾ ഈ മേഖലയിലെ വികസനം പ്രയോജനപ്പെടുത്തണം.

## V. ഫീസ്/ചാർജ്ജ് എന്നിവ ക്രെഡിറ്റ്കാർഡുകൾക്ക്

ക്രെഡിറ്റ്കാർഡിന്റെ പ്രവർത്തനത്തിന് ബാങ്കുകൾ ഫീസ് ഈടാക്കുന്നുണ്ട്. ഇതിൽ മെംബർഷിപ്പ്/പ്രവേശന ഫീസ്/കാർഡ് പുതുക്കൽ/വാർഷിക വരിസംഖ്യ, ക്രെഡിറ്റ് സൗകര്യത്തിനും താമസിച്ച് അടയ്ക്കുന്നതിനും മറ്റുമുള്ള ചാർജ്ജുകൾ എന്നിവ ഉൾപ്പെടുന്നു. ചാർജ്ജിന്റെ അടിസ്ഥാനലവലിനെ സംബന്ധിച്ച് ബാങ്കുകളും കാർഡുടമസ്ഥരും തമ്മിൽ സാധാരണ തർക്കം ഉണ്ടാകാറുണ്ട്. കാർഡിന് അപേക്ഷിക്കുമ്പോൾ ഫീസ്/ചാർജ്ജിനെക്കുറിച്ചുള്ള വിവരങ്ങൾ ഉപഭോക്താക്കളെ വ്യക്തമായി അറിയിച്ചിരിക്കണം എന്ന് ബാങ്കുകളോട് നിർദ്ദേശിക്കുന്നു.(ഇതുവരെ ചെയ്തിട്ടില്ലെങ്കിൽ ഉടൻ തന്നെ അറിയിക്കുക). മെമ്പർഷിപ്പ് ഫീസ്/പുതുക്കുന്നതിനുള്ള ഫീസ് എന്നിവയ്ക്ക് പുറമെ താമസിച്ച് അടയ്ക്കുന്നതിനും വീഴ്ചവരുത്തുന്നതിനുമുള്ള പലിശ എന്നിവയുടെ നിരക്കുകളും ബാങ്കുകൾ കാർഡ് ഉടമകളെ അറിയിക്കേണ്ടതാണ്.

2 കത്ത് കിട്ടിയ വിവരം അറിയിക്കുക.

വിശ്വസ്തതയോടെ

(കെ സീതാരാമു)

ചീഫ് ജനറൽ മാനേജർ